## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2500** **24-06-2024 - ൽ മറുപടിയ്ക്ക്**

## നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി വകുപ്പിന്റെ പുന:സംഘടനയിലൂടെയും ഓഡിറ്റ് ഉൾപ്പെടെയുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ സ്വീകരിച്ചതിലൂടെയും സ്വർണ്ണമേഖല ഉൾപ്പെടെയുള്ള മേഖലകളിൽ നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കുവാൻ കഴിഞ്ഞുവെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്.പുന:സംഘടനയിലൂടെ പുതുതായി രൂപീകരിച്ച ഓഡിറ്റ് വിഭാഗം നികുതി ചോർച്ച കണ്ടെത്തുന്നതിനുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. നികുതി ദായകരെ റിസ്ക് അടിസ്ഥാനത്തിൽ തരം തിരിച്ച ആയതിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന നികുതിദായകരെ ജി.എസ്.ടി. നിയമം അനുശാസിക്കുന്ന രീതിയിൽ ഓഡിറ്റ് നടത്തുന്ന സംവിധാനം നികുതി ചോർച്ച കണ്ടെത്തുന്നതിനു കൂടുതൽ സഹായകമാകുന്നുണ്ട്. കൂടാതെ നികുതി വെട്ടിച്ച് കൊണ്ടുപോകുന്ന സ്വർണ്ണം ഉൾപ്പടെയുള്ള സാധനങ്ങളെ നിരീക്ഷിക്കാനും പ്രസ്തുത വ്യക്തികളുടെ /നികുതിദായകരുടെ വെട്ടിപ്പ് രീതി ശാസ്ത്രീയമായി പഠിച്ച് GST നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാനും വകുപ്പിലെ ഇന്റലിജൻസ്&എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് ശാസ്ത്രീയമായ പരിശീലനം നൽകി വരുന്നു. ഇപ്രകാരം വകുപ്പിന്റെ പ്രവർത്തനങ്ങളെ സ്പെഷ്യലൈസ് ചെയ്യുന്നതിനും ജീവനക്കാരുടെ പ്രവർത്തന മേഖലകളിലെ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനും പുന:സംഘടനയിലൂടെ സാധ്യമാക്കിയത് വഴി സംസ്ഥാനത്ത് സ്വർണ മേഖല ഉൾപ്പെടെയുള്ള മേഖലകളിൽ നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | ചെക്ക് പോസ്റ്റുകൾ പൂർണ്ണമായും ഒഴിവാക്കിയ സാഹചര്യത്തിൽ നികുതി വെട്ടിപ്പ് നടത്തി സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളെ കണ്ടെത്തുന്നതിന് ജി.എസ്.ടി. വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | ചെക്ക് പോസ്റ്റുകൾ ഒഴിവാക്കിയതിനെ തുടർന്ന് ജി.എസ്.ടി.നിയമപ്രകാരം ഈവേ ബിൽ സംവിധാനം നടപ്പിലാക്കുകയുണ്ടായി. ഇൻവോയ്സ് ഇല്ലാതെയും ഈവേ ബില്ല് എടുക്കാതെയും അതിർത്തി കടന്നുവരുന്ന വാഹനങ്ങളെ നിരീക്ഷിക്കുന്നതിനും നടപടികൾ എടുക്കുന്നതിനും കുറ്റമറ്റ രീതിയിലുള്ള സംവിധാനങ്ങൾ സ്റ്റേറ്റ് ജി.എസ്.ടി. വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി അതിർത്തി പ്രദേശം കേന്ദ്രീകരിച്ച എൻഫോഴ്സ്മെന്റ് സ്ക്വാഡുകളെ |

| | | | |
|---|---|---|---|
| | | | വിന്യസിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തുടനീളം പ്രധാനപ്പെട്ട അതിർത്തി പ്രദേശങ്ങളിലും സംസ്ഥാനത്തിനകത്തും അത്യാധുനിക എ.എൻ.പി.ആർ. സംവിധാനമുള്ള ക്യാമറകൾ സ്ഥാപിച്ച് ഫലപ്രദമായി നിരീക്ഷിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ